ഡോ. കെ.എ. രവീന്ദ്രൻ

# വേദപാരമ്പര്യത്തിന്റെ കേരളീയമുഖം: ഒരവലോകനം

**ഉപോദ്ഘാതം:** അച്ഛനമ്മമാരിൽനിന്നോ ഗുരുക്കന്മാരിൽനിന്നോ തല മുറകളായോ ആർജിച്ച കീഴ്വഴക്കമാണല്ലോ പാരമ്പര്യം. വേദാദിവിജ്ഞാ നങ്ങളുടെ അധ്യയനവിഷയത്തിൽ വാമൊഴിയായും വരമൊഴിയായും അത് നിലനിന്നുപോരുന്നു. കാവ്യശാസ്ത്രശാഖകളുടെ മേഖലകളിലും ഈ അനുസ്യൂതി കാണാം. ബുദ്ധിശക്തിക്കനുസരിച്ച് പഠനപ്രക്രിയയിൽ ഏറ്റ ക്കുറച്ചിൽ അനുഭവപ്പെടുന്നത് സ്വാഭാവികം മാത്രം. കാവ്യലക്ഷണം പ്രതി പാദിക്കുമ്പോൾ ശബ്ദാർഥങ്ങൾക്ക് തുല്യപ്രാധാന്യം നല്കുന്ന രീതി യും. മനോഹരമായ ആശയം പ്രകടിപ്പിക്കുന്ന ശബ്ദത്തിന് കാവ്യത്വം കല്പിക്കുന്ന സമ്പ്രദായവും ഭാരതത്തിൽ നാം കാണുന്നുണ്ട്. ശാസ്ത്ര ചർച്ച നടക്കുന്നിടത്ത് അഭിപ്രായഭിന്നത നടക്കും; നടക്കണം. അത്തരം ഭിന്നാഭിപ്രായങ്ങൾ ചർച്ചചെയ്യപ്പെടുമ്പോൾ മാത്രമേ അറിവിന്റെ ഉയർച്ചയും വളർച്ചയും സാധ്യമാകൂ എന്ന് മനസ്സിലാക്കുന്നത് പഠനപ്ര ക്രിയയിൽ അത്യാവശ്യമാണ്.

**പാരമ്പര്യവേദാധ്യായനം കേരളത്തിൽ:**

കേരളത്തിന്റെ വേദപാരമ്പര്യമാണല്ലോ പ്രകൃതവിഷയം. ഇത് ചർച്ച യ്ക്കെടുക്കുമ്പോൾ സമീപിക്കാവുന്ന രീതികൾ മുഖ്യമായും രണ്ടാണ്. അനാദിയെന്നും അപൗരുഷേയമെന്നും കണക്കാക്കിവരുന്ന ഈ ജ്ഞാന സഞ്ചയം തുടർന്നും അതുപോലെത്തന്നെയായിരിക്കണമെന്ന, പാരമ്പ ര്യത്തിലധിഷ്ഠിതമായ സമീപനരീതിയും, അതിന്റെ ഉള്ളറകളിലേക്ക് ഇറ ങ്ങിച്ചെന്ന് അതിലുള്ള വിജ്ഞാനസമ്പത്തിനെ സമൂഹനന്മക്കായി ഉപ യോഗപ്പെടുത്തണമെന്നുള്ള, കൂടുതൽ അക്കാദമികമായ സമീപനവും. പാരമ്പര്യാധിഷ്ഠിതമായ സമീപനത്തോടൊപ്പംതന്നെ അക്കാദമികമായ സമീപനവും പ്രധാനമാണെന്നും രണ്ടും ഇന്നിന്റെ ആവശ്യകതയാ




ണെന്നും കേരളജനത തിരിച്ചറിഞ്ഞിട്ടുണ്ട്. അത്തരം തിരിച്ചറിവിന്റെ പ്രതി ഫലനങ്ങളാണ് ഇത്തരം ചർച്ചകൾക്ക് വേദിയൊരുക്കുന്നത്. ഭാരതത്തിന്റെ മറ്റിടങ്ങളിൽ അതിന് എത്രമാത്രം സാധ്യതയുണ്ടെന്നതും ചിന്തനീയ മാണ്; പക്ഷേ കാൽനൂറ്റാണ്ടിനിപ്പുറം ചില മാറ്റങ്ങൾ കാണാൻ സാധി ക്കുന്നുണ്ട് എന്നതും പ്രസ്താവ്യമാണ്.

**വിവിധഘട്ടങ്ങൾ:**


പ്രകൃതവിഷയം ചർച്ചയ്ക്കെടുക്കുമ്പോൾ നാലു ഘട്ടങ്ങളിലൂടെയു ള്ള സഞ്ചാരം ആവശ്യമാണെന്നു തോന്നുന്നു. അർഥചിന്തക്ക് ഊന്നൽ നല്കാതെ, പാരമ്പര്യരീതിയിൽ ഓത്തുചൊല്ലിക്കൊണ്ട് ശബ്ദരാശിയെ പാഠഭേദങ്ങളും പ്രക്ഷിപ്തങ്ങളും ഇല്ലാതെ കാലാന്തരങ്ങളോളം കാത്തു സൂക്ഷിക്കുന്നതിൽ ശ്രദ്ധപതിപ്പിച്ച സംഹിതാപഠനപദ്ധതിയാകുന്നു ഒന്നാം ഘട്ടം. സംഹിതാനന്തര ഗ്രന്ഥങ്ങളായ ബ്രാഹ്മണാരണ്യകോപ നിഷത്തുക്കളുടെയും വേദാംഗങ്ങളുടെയും അവയുടെ വ്യാഖ്യാനങ്ങളു ടെയും ആവിർഭാവത്തോടെ അർഥചിന്തക്ക് പ്രാധാന്യം നല്കിക്കൊണ്ടു ള്ള പഠനസമ്പ്രദായമാകുന്നു രണ്ടാം ഘട്ടം. സമൂഹത്തിന് വേദവിജ്ഞാനം പകർന്നുനല്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് ഗ്രന്ഥരചനകളിലൂടെയും അക്കാദമികചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും തുടക്കം കുറിച്ചതാണ് മൂന്നാം ഘട്ടം. ശാസ്ത്രസാങ്കേതികവിദ്യ ഉപയോഗിച്ച് ഈ വിജ്ഞാനത്തെ കൂടുതൽ സാർവത്രികമാക്കാൻ വേണ്ടുന്ന നടപടികളാ രംഭിച്ചതാകുന്നു നാലാം ഘട്ടം. നാലു ഘട്ടങ്ങളെയും വിശകലനം ചെയ്യാൻ തുടർന്ന് ശ്രമിക്കുന്നു.

**ഒന്നാം ഘട്ടം:**

ആദ്യഘട്ടത്തിന്റെ കാലനിർണ്ണയത്തിന് ചരിത്രത്തെ ഉപയോഗപ്പെടു ത്തേണ്ടതുണ്ട്. അനേക സഹസ്രാബ്ദങ്ങൾക്കു മുമ്പ് അന്നത്തെ ക്രാന്ത ദർശികളായിരുന്ന കവീശ്വരന്മാരുടെ മനനശക്തിയാൽ ഉടലെടുത്തവ യെന്നു കരുതിപ്പോരുന്ന, മൂലമന്ത്രങ്ങൾ ഉൾക്കൊള്ളുന്ന സംഹിതാഭാ ഗം, പല പാരമ്പര്യങ്ങളിലൂടെ മാറ്റമില്ലാതെ നിലനിന്നുപോന്നു. അർഥമ റിഞ്ഞുള്ള വേദപഠനം അന്നുകാലത്ത് നിഷിദ്ധമാക്കിയതിനു പിന്നിലും ചില നിക്ഷിപ്തതാത്പര്യങ്ങൾ ഉണ്ടായിരുന്നിരിക്കണം. അർഥാവബോ ധപരത ഉടലെടുത്താൽ പര്യായപദങ്ങളോ സമാനാർഥശബ്ദങ്ങളോ ഉൾച്ചേർക്കാനുള്ള പ്രവണത അധ്യേതാക്കൾക്ക് ഉണ്ടായേക്കും. അതിനെ ചെറുക്കുന്നതിനുവേണ്ടി, 'യാതൊരു ശബ്ദമുണ്ടോ അത് നിലനിർത്തുക' എന്ന ലക്ഷ്യം വച്ച് അന്നുണ്ടായിരുന്ന ശബ്ദരാശി അനന്തരതലമുറ കൾക്ക് കൈമാറിവന്നു. ഇതുകൊണ്ടുമാത്രമാണ് സ്വരഭേദമോ വർണ്ണ ഭേദമോ കൂടാതെ ഇത്രയും വിപുലമായ വാങ്മയസമുച്ചയം കാലങ്ങ ളായി നിന്നുപോന്നത്. മാത്രവുമല്ല, ബാല്യദശയിൽ മനുഷ്യമസ്തിഷ്ക


കേരളീയ സംസ്കൃത പാരമ്പര്യം:
കൈവഴികൾ
എഡിററർ
ഡോ. ടി. മിനി

കേരളത്തിന്റെ സംസ്കൃതപാരമ്പര്യം വിഭിന്നങ്ങളായ നിരവധി പാരമ്പര്യങ്ങളുടെ കൂട്ടായ്മയാണ്. ബുദ്ധ, ജൈന ധാരകളും പ്രാദേശിക വിജ്ഞാനധാരകളും എല്ലാം ഈ പാരമ്പര്യത്തിന്റെ കൈവഴികളാകുന്നു. കേരളത്തിന്റെ സംസ്കൃതപാരമ്പര്യത്തിന്റെ മതേതരസ്വഭാവം വെളിവാക്കുന്നതാണ് ഈ പഠനങ്ങൾ.



ISBN 978-93-5311-941-6
9 789353 119416 >

malayalam language
*keraleeya samskrtha paramparyam: kaivazhikal*

chief editor: v. r muralidharan
editor: dr. mini t.

*first progress edition*: July 2018
© rights reserved
*cover : anoop*

*typesetting*:
channelg kalady

printed at
SM Press,
Angamaly

published by
the editor
dr. mini.t
lokayatam publications, kalady

notice: no part of this publication may be reproduced or transmitted in any form or by any means without prior written permission of the publisher.

isbn: 9789353119416
₹ 200

# കേരളീയ സംസ്കൃത പാരമ്പര്യം

## കൈവഴികൾ

ചീഫ് എഡിറ്റർ
**വി.ആർ. മുരളീധരൻ**

എഡിറ്റർ
**ഡോ. മിനി ടി.**

## ഉള്ളടക്കം

### കേരളീയ സംസ്കൃതം, സംസ്കാരം


ഡോ. സുനിൽ പി. ഇളയിടം
*കേരളീയ നവോത്ഥാനവും സംസ്കൃതവും* 15–55

ഡോ. കെ.എം. അനിൽ
*പൗരസ്ത്യവാദവും കേരളീയഭാവനയും* 56–78

ഡോ. പി.വി. നാരായണൻ
*കേരളസമൂഹത്തിലും സംസ്കാരത്തിലും സംസ്കൃതത്തിന്റെ പ്രഭാവം* 79–97

ഡോ.സി. രാജേന്ദ്രൻ
*സാർവ്വലൗകിക സങ്കേതങ്ങളുടെ വിനിയോഗം: സംസ്കൃതവും കേരളത്തിന്റെ ബൗദ്ധിക ചരിത്രവും* 98–111

ഡോ. പി.വി. രാമൻകുട്ടി
*കേരളീയ സംസ്കൃതപാരമ്പര്യം പുന്നശ്ശേരി ഗുരുകുലത്തെ മുൻനിർത്തി ഒരവലോകനം* 112–123

ഡോ. വി.ആർ. മുരളീധരൻ
*കേരളീയസംസ്കൃതപാരമ്പര്യത്തിന്റെ കൈവഴികൾ* 124–132

ഡോ. കെ.എൽ. പത്മദാസ്
*ബൗദ്ധപാരമ്പര്യവും കേരളീയസംസ്കൃതവും* 133–140

പാർവതി
*കേരള കലാചരിത്രത്തിൽ കേരള കലാമണ്ഡലം* 141–154

## ശാസ്ത്രപാരമ്പര്യങ്ങൾ

ഡോ. എൻ.കെ. സുന്ദരേശ്വരൻ
*ആര്യഭടീയത്തിന്റെ രചനാകാലം: കേരളീയ നിരീക്ഷണങ്ങൾ* 156–159

ഡോ. കെ.കെ. ഗീതാകുമാരി
*വൃത്തശാസ്ത്രപഠനം: കേരളീയ സവിശേഷതകൾ* 160–171

ഡോ. യമുന കെ.
*കേരളത്തിന്റെ സംസ്കൃതവ്യാകരണപാരമ്പര്യം* 172–179

കെ.എ. രവീന്ദ്രൻ
*വേദപാരമ്പര്യത്തിന്റെ കേരളീയമുഖം: ഒരവലോകനം* 180–186

ഡോ. അംബിക കെ.ആർ.
*സംസ്കൃതവ്യാഖ്യാനശാഖയ്ക്ക് കേരളത്തിന്റെ സംഭാവന* 187–198

ഡോ. അജിത്കുമാർ കെ.വി.
*കേരളവും ആയുർവേദവും* 199–204

ഉഷ നങ്ങ്യാർ
*സംസ്കൃതവും കേരളീയകലാപാരമ്പര്യവും* 205–212

## സാഹിത്യപഠനങ്ങൾ

ഡോ. ബിബിത എൻ. ബി.
*മലയാളകൃതികളുടെ സംസ്കൃത വിവർത്തനങ്ങൾ* 214–222

ഡോ. നിധീഷ് കണ്ണൻ ബി.
*സാത്വികസ്വപ്നം: 20-ാം നൂറ്റാണ്ടിലെ ഒരു സാമ്രാജ്യത്വവിരുദ്ധ ഖണ്ഡകാവ്യം* 223–238

സഹല വി.കെ.
*അറബ്-മലയാളസാഹിത്യത്തിൽ സംസ്കൃതത്തിന്റെ സ്വാധീനം* 239–244

രതിക എ.എം.
*രാമവർമ്മ പരീക്ഷിത്ത് തമ്പുരാനും സംസ്കൃത ബൗദ്ധിക വിദ്യാഭ്യാസ പാരമ്പര്യവും ഒരു അവലോകനം* 245–256